വിജിലൻസ് വകുപ്പ് അന്വേഷണം പൂർത്തിയാക്കിയ കേസുകൾ

29 [792] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനശേഷം വിജിലൻസ് വകുപ്പ് എത്ര അഴിമതിക്കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് പറയാമോ;

(ബി) അന്വേഷണം പൂർത്തിയാക്കിയ എത്ര കേസുകളാണ് വിജിലൻസ് വകുപ്പ് കോടതിയിൽ ഹാജരാക്കാതെ വച്ചിരിക്കുന്നതെന്ന് പറയാമോ;

(സി) വിജിലൻസ് വകുപ്പ് അന്വേഷണം പൂർത്തിയാക്കിയ ഒട്ടേറെ കേസുകൾ കോടതിയിൽ ഹാജരാക്കാതെ മാറ്റി വച്ചിരിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു പരിഹരിക്കുവാൻ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഇ) അന്വേഷണം പൂർത്തിയാക്കിയ കേസുകൾ കോടതികളിൽ ഹാജരാക്കുവാൻ ഒരു സമയബന്ധിത പദ്ധതിക്ക് രൂപം നൽകുമോ?

ഉത്തരം

(എ) 91 വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) അന്വേഷണം പൂർത്തിയാക്കിയ 23 വിജിലൻസ് കേസുകളിൽ പ്രോസിക്യൂഷൻ അനുമതി നൽകുന്നതിനുള്ള നടപടികൾ പൂർത്തിയാകാത്തതിനാൽ കോടതിയിൽ കുറ്റപത്രം സമർപ്പിക്കാൻ സാധിച്ചിട്ടില്ല.

(സി) അന്വേഷണം പൂർത്തിയാക്കിയ വിജിലൻസ് കേസുകൾ കോടതിയിൽ ഹാജരാക്കാതെ അകാരണമായി മാറ്റിവച്ചിട്ടില്ല.

(ഡി) ഉദിക്കുന്നില്ല.

(ഇ) അന്വേഷണം പൂർത്തിയാക്കുന്ന വിജിലൻസ് കേസുകളിൽ ഉൾപ്പെടുന്ന ഉദ്യോഗസ്ഥൻമാരെ പ്രോസിക്യൂട്ട് ചെയ്യുന്നതിന് ബന്ധപ്പെട്ട അധികാരികളുടെ അനുവാദം ആവശ്യമാണ്. പ്രസ്തുത അനുവാദം ലഭിച്ചാൽ മാത്രമേ കോടതിയിൽ കുറ്റപത്രം സമർപ്പിക്കുവാൻ സാധിക്കുകയുള്ളു. ഇപ്രകാരം പ്രോസിക്യൂഷൻ അനുവാദം നൽകുന്നതിന് മൂന്നു മാസത്തെ സമയ പരിധി നിശ്ചയിച്ചുകൊണ്ടുള്ള നിർദ്ദേശം ഇപ്പോഴും തന്നെ നിലവിലുണ്ട്.

മാധ്യമപ്രവർത്തകർക്ക് നേരെയുള്ള ലാത്തിച്ചാർജ്

30 [793] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2005 മേയ് 31 വരെ മാധ്യമപ്രവർത്തകർക്ക് നേരെ എത്ര ആക്രമണ സംഭവങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly